بِسۡمِ اللّٰہِ الرَّحۡمٰنِ الرَّحِیۡمِ

# Khuthba Summary 05.12.14 ഖുത്ബ സംഗ്രഹം

**സയ്യിദുനാ ഹദ്റത് അമീറുൽ മുഅ്മിനീൻ ഖലീഫത്തുൽ മസീഹ് അൽഖാമിസ് അയ്യദഹുല്ലാഹ്**

*05.12.14 ന് ബൈത്തുൽ ഫുതൂഹ്, ലണ്ടനിൽ നിർവഹിച്ച ജുമുഅ ഖുത്ബയുടെ സംഗ്രഹം*

**നമ്മുടെ കൈയിൽ അല്ലാഹുവിന്റെ കല്പനകൾ വിശുദ്ധ ഖുർആന്റെ രൂപത്തിൽ നിലവിലുണ്ട്. അത് നമുക്ക് അനുസരണാർഹമാണ്. പ്രവർത്തിക്കാൻ പറ്റുന്നതാണ്. നമ്മുടെ പക്കൽ നബി(സ)തിരുമേനിയുടെ ജീവിത മാതൃകയുണ്ട്. അതിനെ അനുസരിക്കൽ നമുക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നമ്മളിൽ ഉലിൽ അംറിന്റെ ആത്മീയ വ്യവസ്ഥിതി നിലവിലുണ്ട്. അത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളിലേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചുകൊണ്ടിരിക്കുന്നു. നമ്മളും മറ്റുള്ളവരും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ടാക്കാതിരിക്കാൻ ഒരു കാരണവുമില്ല.**

തശ്ശഹുദും തഅവ്വുദും സൂറാ ഫാത്തിഹ ഓതിയതിനു ശേഷം സൂറ: ആലി ഇംറാനിലെ 60–ാം വചനം തിലാവത്ത് ചെയ്തു കൊണ്ട് ഹുദൂർ അയ്യദഹുല്ലാഹുത്തആല ബിനസ്രി ഹിൽ അസീസ് പറഞ്ഞു:

يَاَيُّهَا الَّذِيۡنَ اٰمَنُوۡۤا اَطِيۡعُوا اللّٰهَ وَاَطِيۡعُوا الرَّسُوۡلَ وَاُولِى الۡاَمۡرِ مِنۡكُمۡ‌ۚ فَاِنۡ تَنَازَعۡتُمۡ فِىۡ شَىۡءٍ فَرُدُّوۡهُ اِلَى اللّٰهِ وَالرَّسُوۡلِ اِنۡ كُنۡتُمۡ تُؤۡمِنُوۡنَ بِاللّٰهِ وَالۡيَوۡمِ الۡاٰخِرِ‌ ؕ ذٰ لِكَ خَيۡرٌ وَّاَحۡسَنُ تَاۡوِيۡلًا ۞

വിശ്വസിച്ചവരേ! അല്ലാഹുവിനെ അനുസരിക്കുക. ദൂതനേയും നിങ്ങളിൽനിന്നുള്ള അധികാരസ്ഥരേയും അനുസരിക്കുക. പിന്നെ നിങ്ങൾ ഏതെങ്കിലും ഒരു കാര്യത്തിൽ അന്യോന്യം ഭിന്നിച്ചാൽ അത് അല്ലാഹുവിലേക്കും ദൂതനിലേക്കും ഏൽപിക്കുക. നിങ്ങൾ അല്ലാഹുവിലും അവന്റെ ദൂതനിലും വിശ്വസിക്കുന്നവരാണെങ്കിൽ അതാണ് ഏറ്റവും ഉത്തമമായതും ഏറ്റവും നല്ല ഗുണപര്യവസായിയും.(4:60) ഈ ആയത്തിൽ ഒരു യഥാർഥ മുഅ്മിനെക്കുറിച്ച് അടിസ്ഥാനപരമായ ഒരു കാര്യം വിവരിച്ചിരിക്കുന്നു. അവൻ തന്റെ അനുസരണം എന്ന ഗുണത്തെ വ്യക്തമാക്കി കാണിക്കേണ്ടതാണ്. അല്ലാഹുവിനോടുള്ള അനുസരണമായാലും അവന്റെ റസൂലിനോടുള്ള അനുസരണമായാലും അധികാരസ്ഥരോടുള്ള അനുസരണമായാലും വേണ്ടില്ല, അത് നിർമലമാക്കിക്കാണിക്കേണ്ടതാണ്. ഭരണാധികാരികൾ അല്ലാഹുവിനും അവന്റെ റസൂലിനുമെതിരിൽ എന്തെങ്കിലും വ്യക്തമായ കല്പന പുറപ്പെടുവിച്ചാൽ അല്ലാഹുവിന്റേയും റസൂലിന്റേയും കല്പനകൾക്ക് മുൻതൂക്കം നല്കേണ്ടതാണ്. പക്ഷേ, മതപരമായ കാര്യങ്ങളിൽ കൈകടത്തലുകൾ ഒന്നുമില്ലെങ്കിൽ അപ്പോൾ ഭരണാധികാരികൾ മുസ്‌ലിമാവട്ടെ, അമുസ്‌ലിമാവട്ടെ അവരെ അനുസരിക്കേണ്ടത് നിർബന്ധമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഇതുസംബന്ധമായി ഒരിടത്ത് പറയുന്നു: 'വിശുദ്ധ ഖുർആനിലെ കല്പനയാണ് **അതീഉല്ലാഹ വ അതീഉർറസൂല വ ഉലിൽഅംരി മിൻകും** ഇതിൽ അധികാരസ്ഥരേയും അനുസരിക്കാൻ വ്യക്തമായ കല്പനയാണുള്ളത്. സർക്കാർ 'മിൻകും' എന്നതിൽ ഉൾപ്പെടുകയില്ലെന്ന് ആരെങ്കിലും പറഞ്ഞാൽ അത് അവന്റെ ഗുരുതരമായ തെറ്റാണ്. ശരീഅത്ത് അനുസരിച്ച് സർക്കാർ ചെയ്യുന്ന കാര്യങ്ങൾ 'മിൻകും' എന്നതിൽപ്പെടുന്നതാണ്. അത് നമ്മെ എതിർക്കുന്നില്ലെങ്കിൽ അത് നമ്മിൽപ്പെട്ടതാണ്.' ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'വിശുദ്ധ ഖുർആനിൽ വളരെ വ്യക്തമായി അതായത് സർക്കാറിനെ അനുസരിക്കേണ്ടതാണെന്ന് ഈ ആയത്തിൽ സൂചിപ്പിച്ചിരിക്കുന്നു.' അതുകൊണ്ട് ഇക്കാലഘട്ടത്തിലെ നീതിമാനായ വിധികർത്താവ് വ്യക്തമായും പറഞ്ഞിരിക്കുന്നു, അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ ഇല്ലായ്മ ചെയ്യുന്നതല്ലാത്ത പൊതുവെയുള്ള ഭരണനിയമങ്ങളെ പൂർണമായും പാലിക്കുക എന്നത് ഒരു മുഅ്മിന്റെ പ്രവൃത്തിയാണ്. ഈ സുവർണമായ അടിസ്ഥാന കാര്യം ഇക്കാലത്തെ മുസ്‌ലീംകൾ സ്വായത്തമാക്കുകയാണെങ്കിൽ അതായത് ഭരണകൂടത്തിന്നെതിരെ കലഹമുണ്ടാക്കാതിരുന്നാൽ ഒരുപാട് രാജ്യങ്ങളിൽ നടമാടിക്കൊണ്ടിരിക്കുന്ന കലഹാവസ്ഥക്ക് ഒരു പരിധിവരെ സമാധാനമുണ്ടാകാവുന്നതാണ്.

എന്തായാലും ഞാൻ ഈ സമയത്ത് ഭരണകർത്താക്കളുടെ എത്രമാത്രം പോരായ്മയുണ്ട്, കലഹക്കാരുടെ എത്രമാത്രം പോരായ്മയുണ്ട് ഇക്കാരണത്താൽ മുസ്‌ലിം ഉമ്മത്തിനെ എത്രമാത്രം അത് ബാധിക്കുന്നുണ്ട് തുടങ്ങിയ ചർച്ചയിൽ കടക്കാതെ ഞാൻ ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഒരു ഉദ്ധരണീ നിങ്ങളുടെ മുമ്പിൽ വെക്കുന്നതാണ്. സുദീർഘമായൊരു ഉദ്ധരണിയാണിത്. അനുസരണത്തിന്റെ നിലവാരവും അതിന്റെ പ്രാധാന്യവും അനുസരിക്കാത്തതിന്റെ നഷ്ടങ്ങളും ഇസ്‌ലാം പ്രചരിക്കുന്നതിന് അനുസരണത്തിനുള്ള റോൾ തുടങ്ങിയ കാര്യങ്ങൾ അടങ്ങിയിട്ടുള്ളതാണിത്. ഇക്കാലത്ത് അഹ്മദികൾക്കുമാത്രമെ ഇത് ശരിയായ നിലയിൽ പ്രകടിപ്പിക്കാൻ സാധിക്കുകയുള്ളു. മുസ്‌ലീംകളുടെ അന്തസ് എങ്ങനെ സ്ഥാപിക്കാൻ കഴിയുമെന്ന് ലോകത്തിന് കാണിച്ചുകൊടുക്കാൻ കഴിയൂ. നമ്മുടെ പ്രവർത്തനപരമായ മാതൃക ആദ്യം നമ്മുടെ അനുസരണത്തിന്റെ നിലവാരത്തെ ഉയർത്തേണ്ടതാണ്.

ഈ ഒരു ഉദ്ധരണിയിൽ ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരുപാട് കാര്യങ്ങൾ വിശദീകരിച്ചിരിക്കുന്നു. ഒന്നാമത്തെ കാര്യം മുമ്പേ പറഞ്ഞതുപോലെ അല്ലാഹുവിനെ അനുസരിക്കുകയും അല്ലാഹുവിന്റെ റസൂലിനെ അനുസരിക്കുകയും അധികാരസ്ഥരെ അതായത് ഭരണകർത്താക്കൾ തുടങ്ങിയവരെ അനുസരിക്കുകയും ചെയ്യുക എന്നതാണ്. അതിൽ ഭരണ

പരമായ വ്യവസ്ഥിതിയും വരുന്നുണ്ട്. ജമാഅത്തിന്റെ വ്യവസ്ഥിതിയും വരുന്നുണ്ട്. ഖിലാഫത്തിനോടുള്ള അനുസരണം ഇതു രണ്ടിനും മീതെയാണ്. കാരണം ഖിലാഫത്തിനെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനകളെ സ്ഥാപിക്കാൻ കഴിയുകയുള്ളൂ. ജമാഅത്ത് വ്യവസ്ഥിതി ഖിലാഫത്തിന് വിധേയമാണ്. ഇത് ഖിലാഫത്തിന്റെ മനോഹാരിതയാണ്. ചിലപ്പോൾ ജമാഅത്ത് വ്യവസ്ഥിതിയെ മുന്നോട്ടു കൊണ്ടുപോകുന്നതിനുവേണ്ടി നിശ്ചയിക്കപ്പെട്ടിട്ടുള്ള പ്രവർത്തകരുടേയും ജമാഅത്തംഗങ്ങളുടേയും ബന്ധത്തിൽ എന്തെങ്കിലും ഉലച്ചിലുണ്ടായാൽ, കലഹമുണ്ടായാൽ കാലത്തിന്റെ ഖലീഫയാണ് അതകറ്റുന്നത്. അത് ഖലീഫയുടെ നിർബന്ധകാര്യങ്ങളിൽപ്പെട്ടതാണ്. ഇവിടെ ഇക്കാര്യം വ്യക്തമായും മനസ്സിലാക്കിയിരിക്കേണ്ടതാണ്. ഞാൻ പറഞ്ഞതു പോലെ ഖിലാഫത്തിനോടുള്ള അനുസരണം ഭരണകൂടത്തിനും മീതെയാണെന്ന് പറയുമ്പോൾ ഒരു തരത്തിലുള്ള തെറ്റായധാരണയും ഉണ്ടാകാൻ പാടില്ല. കാലത്തിന്റെ ഖലീഫ രാജ്യനിയമങ്ങളെ ഏറ്റവുമധികം പാലിക്കുന്നയാളാണ്. പാലിപ്പിക്കുന്നയാളുമാണ്. ഹദ്റത്ത് മസീഹ് മൗഊദ്(അ) ഒരിടത്ത് പറയുന്നു:
'ഉലിൽ അംറ് കൊണ്ടുള്ള ഉദ്ദേശ്യം ശാരീരികമായ നിലയിൽ രാജാവും ആത്മീയമായ നിലയിൽ കാലത്തിന്റെ ഇമാമുമാണ്(ഇമാമുസ്സമാൻ).അതുകൊണ്ട് ഭരണകൂടത്തിന്റെ ഭൗതികവ്യവസ്ഥിതിക്കുള്ളിൽ ഒരു ആത്മീയവ്യവസ്ഥിതിയും നടക്കാവുന്നതാണ്. നടക്കുന്നുണ്ട്. അത് അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും ഭരണം മനസ്സുകളിൽ സ്ഥാപിക്കാൻ ശ്രമിക്കുന്നു. കലഹമുണ്ടാകുകയാണെങ്കിൽ അല്ലാഹു കല്പിച്ചതുപോലെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും കല്പനയനുസരിച്ച് വിധി പറയുന്നു. ഖിലാഫത്ത് വ്യവസ്ഥിതി നമ്മളിൽ നടന്നുവരുന്നു എന്നത് അല്ലാഹുവിന്റെ നമ്മളിലുള്ള ഒരു ഔദാര്യമാണ്. ഇല്ലെങ്കിൽ അല്ലാഹുവിലേക്കും അവന്റെ റസൂലിലേക്കും മടക്കുന്നതിനെ സംബന്ധിച്ച് വിവിധകക്ഷികളിൽ ഫുഖഹാക്കളുടേതായ വിശദീകരണമുണ്ട്. വ്യാഖ്യാനങ്ങളുണ്ട്. അത് ചില കാര്യങ്ങൾ പരിഹരിക്കുന്നതിനു പകരം കൂടുതൽ കുഴപ്പങ്ങൾ ഉണ്ടാക്കുന്നതാണ്. ഇപ്രകാരംതന്നെ നിലവിലുള്ള ഭരണകൂടത്തിന്റെ കാര്യങ്ങളിലും വിവിധ വീക്ഷണങ്ങളും വിവിധ പ്രശ്നങ്ങളും ഉണ്ടാക്കുന്നതാണ്. അതുകൊണ്ട് ഏതു പ്രയത്നവും തീരുമാനവും ഖിലാഫത്തിനു വിധേയമായിരുന്ന് കൊണ്ടേ ചെയ്യാൻ കഴിയൂ. ഇക്കാര്യത്തിന് അഹ്മദി എത്രമാത്രം നന്ദി കാണിച്ചാലും കുറവാണ്. ഈ നന്ദിപ്രകടനം ഖിലാഫത്തിനെ പൂർണമായും അനുസരിക്കുന്നതിലൂടെയേ നടക്കുകയുള്ളൂ. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഇങ്ങനേയും പറഞ്ഞു: 'ഇത് വളരെ പ്രധാനപ്പെട്ട കാര്യമാണ്. അനുസരണം സത്യഹൃദയത്തോടെയാണെങ്കിൽ ഹൃദയത്തിൽ ഒരു പ്രകാശവും ആത്മാവിൽ ഒരു രസാനുഭവവും വെളിച്ചവും വരുന്നതാണ്. അല്ലാഹുവിനേയും അവന്റെ റസൂലിനേയും അനുസരിച്ചതിനുശേഷം പ്രകാശമൊന്നും കിട്ടുന്നില്ലെങ്കിൽ അവിടന്ന് പറഞ്ഞു, 'അതുകൊണ്ട് ഒരു പ്രയോജനവുമില്ല.'ഭരണകൂടത്തെ അനുസരിക്കുന്നതു കൊണ്ട് ശാന്തിയും സമാധാനവും ഉണ്ടാകുന്നതാണ്. പക്ഷേ, ആത്മീയമായ വെളിച്ചവും രസാനുഭവവും ആത്മീയമായ വ്യവസ്ഥിതിയെ അനുസരിക്കുന്നതിലാണ്. പിന്നീട് നമ്മുടെ ആത്മീയമായ നിലവാരം ഉയർത്തുന്നതിനുവേണ്ടി ഒരു പോയന്റ് അവിടന്ന് ഇങ്ങനേയും പറഞ്ഞു: 'അനുസരണം എത്രത്തോളം ആവശ്യമുണ്ടോ അത്രത്തോളം അധ്വാനത്തിന്റെ ആവശ്യമില്ല.' അനുസരണത്തിന്റെ നിലവാരം കരസ്ഥമാക്കുന്നതിനുവേണ്ടി ഒരു പ്രധാനപ്പെട്ട കാര്യം അവിടന്ന് പറഞ്ഞത്, അനുസരണത്തിൽ നമ്മുടെ ശരീരേച്ഛയെ അറുത്തിടേണ്ടത് നിർബന്ധമാണെന്നാണ്. നമ്മുടെ അഹങ്കാരത്തെ കൊല്ലേണ്ടിവരും. നമ്മുടെ തൻപ്രമാണിത്വത്തിനുമേൽ കത്തി വെക്കേണ്ടി വരും. നമ്മുടെ ആഗ്രഹങ്ങളെ അല്ലാഹുവിന്റേയും അവന്റെ റസൂലിന്റേയും(സ)ഇഷ്ടത്തിനനുസരിച്ച് ആക്കേണ്ടിവരും. അപ്പോഴായിരിക്കും അനുസരണത്തിന്റെ നിലവാരം കരസ്ഥമാകുന്നത്. അതില്ലാതെ അനുസരണം സത്യസന്ധമല്ല. അവിടന്ന് പറഞ്ഞു, 'ഏകദൈവത്തെ ആരാധിക്കുന്നുവെന്ന് വാദമുണ്ടെങ്കിലും വലിയ വലിയ തൗഹീദുകാരുടെ മനസ്സുകളിലും ബിംബമുണ്ടാകാം. പക്ഷേ, സ്വാർഥതയുടേയും ദുരഭിമാനത്തിന്റേയും ബിംബങ്ങൾ മനസ്സുകളിൽ കുടിയിരിക്കുന്നുണ്ടാകും. സന്ദർഭം വരുമ്പോൾ അത് മനുഷ്യനെ ഏറ്റവും നിസാരമായ അനുസരണത്തിൽനിന്നു പോലും പുറത്താക്കിക്കളയും. വലിയവലിയ കാര്യങ്ങളൊക്കെ വേറേയും. അവിടന്ന് വ്യക്തമാക്കി: 'സ്വഹാബ രിള്വാനുല്ലാഹി അലയ്ഹിം സത്യസന്ധമായ അനുസരണത്തിനുശേഷം തന്നെയാണ് ആരാധനകളുടെ ഉന്നതമായ ഫലങ്ങൾ കരസ്ഥമാക്കിയത്. അത് നമുക്കിന്ന് മാതൃകയാണ്. അനുസരണം എങ്ങനെയായിരിക്കണം എന്നതിനെ സംബന്ധിച്ച് ഒരു ഹദീഥിൽ വന്നിരിക്കുന്നു: നബി(സ) പറഞ്ഞു,'നിങ്ങളുടെമേൽ ഗ്രാമീണനായ ഒരു അടിമയെ അമീറാക്കിയാലും അയാളേയും നിങ്ങൾ അനുസരിക്കുക. എന്നല്ല ഇങ്ങനേയും പറഞ്ഞു: 'ഈത്തപ്പഴക്കുരുവിന്റെ തലയുള്ള ഒരാളെയാണ് അമീറാക്കുന്നതെങ്കിലും അയാളേയും അനുസരിക്കുക. അതായത് അയാളിൽ ബുദ്ധിപരമായ നിലയിൽ കുറവെന്തെങ്കിലും ഉണ്ടായാലും അനുസരിച്ചുകൊള്ളണം. ഹദ്റത്ത് മസീഹ് മൗഊദ്(അ) സാമൂഹികമായ അഭിവൃദ്ധിയേയും അനുസരണവുമായി ബന്ധിപ്പിച്ച് വ്യക്തമാക്കിപ്പറഞ്ഞു:'സാമുദായികതയുടേയും സഹകരണത്തിന്റേയും ആത്മാവ് ഊതപ്പെടാത്തിടത്തോളം, അനുസരണത്തിന്റെ അടിസ്ഥാനപരായ കാര്യങ്ങൾ സ്വീകരിക്കാത്തിടത്തോളം ഒരു ജനതയും ജനത എന്ന് പറയപ്പെടുകയില്ല. ഈ അടിസ്ഥാനപരമായ കാര്യം സ്വീകരിക്കുകതന്നെയാണ് പുരോഗതിയുടെ രഹസ്യം. നബി(സ) തിരുമേനി പറഞ്ഞതും ഇതുതന്നെയാണ്. ജമാഅത്തിനോട് ചേർന്നിരിക്കുകയും കാലത്തിന്റെ ഇമാമിന്റെ വാക്കുകൾ കേൾക്കുകയും അനുസരിക്കുകയും ചെയ്യുന്നതിലൂടെ മാത്രമേ പുരോഗതി ലഭിക്കുകയുള്ളൂ. ഇതുകൂടാതെ പുരോഗതി ലഭിക്കുകയില്ല. ഇന്ന് ഈ യാഥാർഥ്യം മുസ്‌ലീംകൾ മനസ്സിലാക്കുകയാണെങ്കിൽ അവർ ഒരു വൻശക്തിയായി മാറുന്നതാണ്. ലോകത്തുള്ള ഒരു ശക്തിക്കും അവരെ നേരിടാൻ സാധിക്കുകയില്ല. അഹ്മദികൾ എന്ന പറയപ്പെടുന്ന നമ്മൾ സമ്പൂർണമായ അനുസരണത്തിന്റെ നിലവാരങ്ങൾ കരസ്ഥമാക്കാൻ ശ്രമിക്കേണ്ടതാണ്. അനുസരണം ആത്മീയ ജമാഅത്തുകൾക്ക് പര്യവസാനത്തിന്റെ അടിസ്ഥാനത്തിൽ

ഉത്തമമെന്ന് പറഞ്ഞിരിക്കുന്നു. അനുസരിക്കുകയാണെങ്കിൽ പര്യവസാനം നല്ലതായിരിക്കുമെന്നത് ഉറപ്പാണ്. അതിലൂടെ വിപ്ലവമുണ്ടാകും. ഭൗതികവ്യവസ്ഥിതികളിലും അനുസരണത്തിന്റെ ആത്മാവ് എന്തെന്തെല്ലാം അത്ഭുതകരമായ പ്രവൃത്തികളാണ് കാണിക്കുന്നതെന്ന് നാം കാണുന്നു.

നെപ്പോളിയനെക്കുറിച്ച് നമ്മൾ ചരിത്രത്തിൽ കാണുന്നുണ്ട്. പറയപ്പെടുന്നു: ഫ്രാൻസ് അതിന്റെ അഭ്യുന്നതിയിൽനിന്ന് അധഃപതനത്തിലേക്ക് വീഴുന്ന കാലഘട്ടത്തിലാണ് അദ്ദേഹം അതിനെ രക്ഷിച്ചത്. ആ രാജ്യത്തിന്റെ അവസ്ഥ അങ്ങേയറ്റം മോശമായിത്തീർന്നിരുന്നു. നെപ്പോളിയൻ ജനങ്ങളോടു പറഞ്ഞു: 'നിങ്ങളിൽ ഭിന്നിപ്പും വിള്ളലും നിലനില്ക്കുവോളം നിങ്ങൾക്ക് വിജയിക്കാൻ കഴിയുകയില്ല. നിങ്ങൾ അനുസരണത്തിന്റേയും അനുധാവനത്തിന്റേയും വിത്ത് നിങ്ങളിലുണ്ടാക്കുകയാണെങ്കിൽ നിങ്ങൾ വിജയിക്കുന്നതാണ്. പുരോഗതികൾ കൈവരിക്കുന്നതാണ്. നിങ്ങളുടെ സ്ഥാനം നിങ്ങൾ കരസ്ഥമാക്കുന്നതാണ്.' അങ്ങനെ രാജ്യസ്നേഹികളായ ആളുകൾ അദ്ദേഹം പറഞ്ഞത് സമ്മതിച്ചു. അദ്ദേഹത്തിന്റെ ചുറ്റും സംഘടിക്കാൻ തുടങ്ങി. അദ്ദേഹത്തെ തങ്ങളുടെ നേതാവാക്കി. അനുസരണത്തിന്റേയും അനുധാവനത്തിന്റേയും ഉദാത്തമായ മാതൃകകാഴ്ചവെച്ചു. താൻ പറയുന്ന കാര്യങ്ങളെല്ലാം തന്റെ ചുറ്റും കൂടിയവർ അംഗീകരിക്കുന്ന ഒരു ആത്മാവ് അവരിൽ ഉണ്ടാക്കിത്തീർത്തു. എന്നല്ല പറയപ്പെടുന്നു: നെപ്പോളിയന്റെ ജീവിതത്തെതന്നെ മാറ്റി മറിക്കുന്ന മാതൃകയാണ് അദ്ദേഹം കാഴ്ചവെച്ചത്. എന്തായാലും ഒരു വൻയുദ്ധത്തിനുശേഷം നെപ്പോളിയൻ പരാജയപ്പെട്ട ഒരു സന്ദർഭവുമുണ്ടായി. ഇറ്റലിയിലെ ഒരു ദ്വീപിൽ അദ്ദേഹം തടവിലാക്കപ്പെട്ടു. ഫ്രാൻസിൽ പുതിയഭരണകൂടം നിലവിൽ വന്നു. പുതിയ രാജാവ് പാതിരിമാരെ വിളിച്ച് അവർ മുഖേന ജനറൽമാരേയും പട്ടാളക്കാരേയുംകൊണ്ട് ബൈബിളിനു മേൽ കൈവെച്ച് സത്യം ചെയ്യിച്ചു. കാരണം നെപ്പോളിയൻ ജനങ്ങളിൽ അനുസരണത്തിന്റേയും അനുധാവനത്തിന്റേയും ആത്മാവ് ഉണ്ടാക്കിയിട്ടുണ്ടെന്നും അദ്ദേഹം തിരിച്ചു വന്നാൽ ജനങ്ങൾ അദ്ദേഹത്തോടൊപ്പം ചേരുമെന്നും അദ്ദേഹത്തിന്നറിയാമായിരുന്നു. പുതിയരാജാവ് പരിചയസമ്പന്നനായ പട്ടാളക്കാരനായിരുന്നില്ല. ആയുധവും അയാളുടെ പക്കലുണ്ടായിരുന്നില്ല. അതുകൊണ്ട് രാജാവ് നെപ്പോളിയനെ കൊല്ലാൻ ഒരു ജനറലിനെ സൈന്യത്തോടൊപ്പം അയച്ചു. നെപ്പോളിയൻ ഏതെങ്കിലും രീതിയിൽ തടവിൽനിന്ന് മോചിതനായി തിരിച്ചു ഫ്രാൻസിലെത്തിയാൽ, തന്റെ ചുറ്റുപാടുമുള്ള കർഷകരേയും സാധാരണക്കാരയും സംഘടിപ്പിക്കാൻ തുടങ്ങിയാൽ തന്റെ കാര്യം പോക്കാണെന്ന് അയാൾക്കറിയാമായിരുന്നു. പക്ഷേ, നെപ്പോളിയന്റെ ശബ്ദം ജനറലിന്റേയും പട്ടാളക്കാരുടേയും ചെവിയിലെത്തിയപ്പോൾ തങ്ങൾ ചെയ്ത പുതിയ സത്യം മറക്കുകയും ആദ്യത്തെ സത്യത്തിലേക്ക് മടങ്ങുകയും ചെയ്തു. എന്തായാലും ഫ്രാൻസിന്റെ കഠിനമായ വിഭാഗീയതയെ അനുധാവനത്തിന്റെ വികാരത്തിലേക്ക് മാറ്റിയത് നെപ്പോളിയന്റെ പരിശ്രമമായിരുന്നു.

ഹദ്റത്ത് മുസ്‌ലിഹ് മൗഊദ്(റ)ഒരിടത്ത് ഈ ഉദാഹരണം വിവരിച്ചുകൊണ്ട് പറയുന്നു: നെപ്പോളിയൻ അല്ലെങ്കിൽ അതുപോലുള്ള ലീഡർമാരുടെ പക്കൽ സത്യമതസ്ഥരുടെ പക്കലുണ്ടാകുന്ന ദൈവിക സഹായമുണ്ടായിരുന്നില്ല. പക്ഷേ, എന്നിട്ടും അവർ വിപ്ലവമുണ്ടാക്കി. ആ മഹാത്മാവ് പറഞ്ഞു: **അത്വീഉല്ലാഹ വ അത്വീഉർറസൂല വ ഉലിൽഅംരി മിൻകും** എന്നതനുസരിച്ച് ഒരു ജനത പ്രവർത്തിക്കുന്നില്ലെങ്കിൽ അവർ സത്യമായ മതത്തിന്റ പേരിലുള്ളവരാണെങ്കിലും അല്ലെങ്കിൽ അതിനെക്കുറിച്ച് അറിയാത്തവരാണെങ്കിലും ഒരിക്കലും വിജയിക്കുകയില്ല.

അതുകൊണ്ട് ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ ഈ നിർദേശം എപ്പോഴും മുന്നിൽ വെക്കേണ്ടത് ആവശ്യമാണ്. ഒറ്റൊരു സമൂഹമായിരിക്കുന്നതിന് സഹകരണവും അനുധാവനവും അനിവാര്യമാണ്. അതില്ലെങ്കിൽ അധഃപതനമായിരിക്കും. ഇതുസംബന്ധമായി വിശുദ്ധഖുർആനും വ്യക്തമായി പറഞ്ഞിരിക്കുന്നു. അല്ലാഹു പറയുന്നു: വഅ്തസിമൂ ബി ഹബ്‌ലില്ലാഹി ജമീആ..............നിങ്ങളെല്ലാവരും ഒത്തുചേർന്ന് അല്ലാഹുവിന്റെ പാശത്തെ മുറുകെ പിടിക്കുക. നിങ്ങൾ ഭിന്നിക്കരുത്. നിങ്ങൾ പരസ്പരം ശത്രുക്കളായിരുന്നപ്പോൾ അല്ലാഹു നിങ്ങൾക്കു ചെയ്തുതന്ന അനുഗ്രഹം സ്മരിക്കുക. അങ്ങനെ അവൻ നിങ്ങളുടെ ഹൃദയങ്ങളെ അന്യോന്യം ഇണക്കി. അതിന്റെ ഫലമായി അവന്റെ അനുഗ്രഹത്താൽ നിങ്ങൾ സഹോദരങ്ങളായിത്തീർന്നു. നിങ്ങൾ ഒരു അഗ്നികുണ്ഡത്തിന്റെ വക്കിലായിരുന്നു. എന്നിട്ട് അതിൽ നിന്ന് അവൻ നിങ്ങളെ രക്ഷിച്ചു. ഇങ്ങനെ അല്ലാഹു തന്റെ കല്പനകൾ നിങ്ങൾക്ക് വിവരിച്ചു തരുന്നു; നിങ്ങൾ നേർമാർഗം പ്രാപിക്കുന്നതിനുവേണ്ടി.(3:104)

എന്നാൽ, മുസ്‌ലീംകളുടെ ദൗർഭാഗ്യമെന്നു പറയട്ടെ! വ്യക്തമായ ഈ നിർദേശം നിലനില്ക്കെ ഭിന്നിപ്പിന്റെ ഉച്ചിയിൽ അവർ എത്തിയിരിക്കുന്നു. തങ്ങളുടെ മേലുണ്ടായ അനുഗ്രഹങ്ങളെ അവർ മറന്നുപോയിരിക്കുന്നു. ഇക്കാരണത്താൽ അധഃപതനത്തിന്റേയും കാലദോഷത്തിന്റേയും പാരമ്യതയെ അവർ തൊട്ടുകൊണ്ടിരിക്കുന്നു. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന്റെ കാലംതൊട്ടുള്ള മുസ്‌ലീംകളുടെ ഈ അവസ്ഥ ആ മഹാത്മാവ് പറഞ്ഞതുപോലെതന്നെ അക്കാലത്തെ അപേക്ഷിച്ച് ഇന്ന് അതിന്റെ നെറുകന്തലയിലെത്തി. പക്ഷേ, അവർ ഇത് മനസ്സിലാക്കുന്നില്ല.

ഹദ്റത്ത് മസീഹ് മൗഊദ്(അ)പറഞ്ഞു: 'ഒരാളെ അനുസരിച്ചുകൊണ്ട് അഭിപ്രായഭിന്നത ഉപേക്ഷിക്കുകയും അതായത് കാലത്തിന്റെ ഇമാമിനെ –കാരണം ഇക്കാലഘട്ടത്തിൽ നബി(സ)തിരുമേനിയുടെ ദാസനെന്ന നിലയിൽ അല്ലാഹു അയച്ച ഒരാളെ, അദ്ദേഹം മസീഹ് മൗഊദാണ്– അനുസരിച്ചുകൊണ്ട് നോക്കുക ഓരോ പ്രവർത്തിയിലും എങ്ങനെയാണ് ബർക്കത്തുണ്ടാകുന്നതെന്ന്. അല്ലാഹു അവർക്ക് ബുദ്ധി നല്കുമാറാകട്ടെ. ആരിലാണോ ഐക്യമുള്ളത് അവർക്കാണ് അല്ലാഹുവിനെ കിട്ടുന്നത്. തൗഹീദിന്റെ ശരിയായ ഗ്രാഹ്യമുണ്ടാകുന്നതും അവർക്കുതന്നെ.

അതുകൊണ്ട് ബയ്അത്തു ചെയ്തിരിക്കുന്നു എന്നു കരുതി നമ്മൾ സന്തോഷിച്ചിരിക്കാൻ പാടില്ല. ബയ്അത്തിന്റെ നിലവാരം കരസ്ഥമാക്കേണ്ട ആവശ്യമുണ്ട്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ഹദ്റത്ത് അബൂബക്കറിന്റേയും (റ)ഹദ്റത്ത് ഉമറിന്റേയും(റ) ഉദാഹരണം നല്കിക്കൊണ്ടും മറ്റു സ്വഹാബാക്കളെ പൊതുവായി സ്മരിച്ചുകൊണ്ടും പറഞ്ഞത് ഇവർ

അഭിപ്രായം പറയാൻ യോഗ്യരും ഭൗതികവും രാഷ്ട്രീയവുമായ ദീർഘദൃഷ്ടിയുള്ളവരുമായിരുന്നു എന്നാണ്. സമയം വന്നപ്പോൾ അവരുടെ ഈ ഗുണവിശേഷങ്ങൾ അവരിൽ പ്രകടമായി. വളരെ മനോഹരമായ നിലയിൽ അവർ ഭരണം നടത്തി. പക്ഷേ, നബി(സ)തിരുമേനിയുടെ ജീവിതകാലത്ത് അവർക്കൊന്നും അറിയുകയില്ലെന്ന് തോന്നിയിരുന്നു. അന്ന് പൂർണമായ അനുസരണവും അനുധാവനവും കല്പനയനുസരിച്ചുള്ള നടത്തയും മാത്രമായിരുന്നു അവരുടെ ജോലി. തങ്ങളുടെ സ്ഥാനത്തേയും വിവേകത്തേയും ബുദ്ധിയേയും അങ്ങേയറ്റം തരംതാണതായി അവർ മനസ്സിലാക്കിയിരുന്നു. പിന്നീട് സ്വഹാബാക്കൾ എങ്ങനെയാണ് ലോകത്തിന് മാർഗദർശിയായതെന്ന് ലോകം കണ്ടു. അതേ ശിക്ഷണം തന്നെയായിരുന്നു ഖിലാഫത്തെ റാശിദായിലും ഐക്യത്തിന്റെ ഉന്നത മാതൃക കാഴ്ചവെച്ചത്.

ചരിത്രത്തിൽ ഒരു സംഭവം വരുന്നുണ്ട്. ഹദ്റത്ത് അബൂഉബയ്ദ(റ)യുടെ ബുദ്ധിസാമർഥ്യവും നിസ്വാർഥതയും സാമുദായിക ഗുണവും മുന്നിൽ വെക്കുന്ന സംഭവമാണത്. ഹദ്റത്ത് അബൂഉബയ്ദാ(റ)ക്ക് ഒരു യുദ്ധത്തിന്നിടയിൽ ഹദ്റത്ത് ഉമർ(റ)ന്റെ കത്തുകിട്ടി. അതിൽ ഹദ്റത്ത് അബൂബക്കർ(റ)ന്റെ വഫാത്തിനെക്കുറിച്ച് പറഞ്ഞിരുന്നു. ഹദ്റത്ത് ഉമർ(റ), ഹദ്റത്ത് ഖാലിദുബ്നു വലീദിനെ(റ) മാറ്റി തൽസ്ഥാനത്ത് ഹദ്റത്ത് അബൂഉബയ്ദ(റ)യെ സൈന്യത്തിന്റെ അമീറാക്കി. ഇസ്‌ലാമിന്റെ ജേർണൽ ഹദ്റത്ത് ഖാലിദ് ബിൻ വലീദ്(റ) ആ അവസരത്തിൽ ഖിലാഫത്തിനോടുള്ള അനുസരണത്തിന്റെ സുന്ദരമായ മാതൃകകാണിച്ചുകൊണ്ട് പറഞ്ഞു: 'ജനങ്ങളേ! നിങ്ങളിൽ ഈ ഉമ്മത്തിന്റെ വിശ്വസ്തൻ അമീറായി നിശ്ചയിക്കപ്പെട്ടിരിക്കുന്നു.' ഹദ്റത്ത് അബൂഉബയ്ദ(റ)യെ നബി(സ)തിരുമേനി അമീൻ എന്ന സ്ഥാനപ്പേര് നല്കി വിളിച്ചിരുന്നു. ഹദ്റത്ത് അബൂഉബയ്ദ(റ)മറുപടിയിൽ പറഞ്ഞു: 'ഖാലിദ് അല്ലാഹുവിന്റെ വാളുകളിൽ ഒരു വാളാണെന്നും ഗോത്രത്തിലെ ഉത്തമനായ യുവാവാണെന്നും നബി(സ) തിരുമേനി പറയുന്നത് ഞാൻ കേട്ടിട്ടുണ്ട്.'

കാലത്തിന്റെ ഖലീഫയുടെ തീരുമാനത്തെ സന്തോഷത്തോടെ അംഗീകരിക്കുന്നതിന്റെ മാതൃകയാണിത്. ഇന്നും ചിലപ്പോൾ ഇത്തരം സംഭവങ്ങൾ ഉണ്ടാകാറുണ്ട്. വളരെ വിരളമാണെന്ന് മാത്രം. അല്ലാഹുവിന്റെ അനുഗ്രഹത്താൽ ജമാഅത്തിൽ അനുസരണത്തിന്റെ വികാരമുണ്ട്. പക്ഷേ, ചിലയാളുകളുണ്ട്. അവരെ ഏതെങ്കിലും സ്ഥാനത്ത് നിന്ന് നീക്കിയാൽ എന്തിനുവേണ്ടി നീക്കിയെന്നും തങ്ങളിൽ എ ന്താണ് കുറവെന്നും ചോദിക്കുന്നു. ഞാൻ പറഞ്ഞ ചരിത്രത്തിൽ നമുക്ക് കാണാൻ കഴിയുന്ന മാതൃക നിങ്ങൾ ഉൾക്കൊള്ളുകയാണെങ്കിൽ ഒരു ചോദ്യവും ഉയരുകയില്ല. അതുകൊ ണ്ട് ഒരു അഹ്മദിയുടെ ഏറ്റവും വലിയ ഉത്തരവാദമാണിത്. ഹദ്റത്ത് മസീഹ് മൗഊദ്(അ)ന് ബയ്അത്ത് ചെയ്തുകൊണ്ട് **അത്വീഉല്ലാഹ വ അത്വീഉർറസൂല വ ഉലിൽഅംരി മിൻകും** എന്നതിന്റെ മാതൃകയാവണം. ലോകത്തിന്റെ ശ്രദ്ധ നമ്മളിലേക്ക് ആകർഷിച്ചെടുക്കുന്ന മാതൃക! ലോകത്തിന്റെ ഹൃദയം ജയിച്ചടക്കാനുള്ള ആയുധമാണിത്. ഇതുമുഖേന നമുക്ക് ലോകത്തെ അല്ലാഹുവിന്റേയും റസൂലിന്റേയും(സ) കാലടികളിൽ കൊണ്ടു വരാൻ കഴിയുന്നതാണ്. ഇതുമുഖേന ലോകത്തിന് വഴികാട്ടാൻ കഴിയും. ഇതുമുഖേന ലോകത്തിലെ കുഴപ്പങ്ങൾ അവസാനിപ്പിക്കാൻ കഴിയും. കാരണം ഞാൻ പറഞ്ഞതുപോലെ നമ്മുടെ കൈയിൽ അല്ലാഹുവിന്റെ കല്പനകൾ വിശുദ്ധ ഖുർആന്റെ രൂപത്തിൽ നിലവിലുണ്ട്. അത് നമുക്ക് അനുസരിക്കാൻ പറ്റുന്നതാണ്. പ്രവർത്തിക്കാൻ പറ്റുന്നതാണ്. നമ്മുടെ പക്കൽ നബി(സ)തിരുമേനിയുടെ ജീവിത മാതൃകയുണ്ട്. അതിനെ അനുസരിക്കൽ നമുക്ക് നിർബന്ധമാക്കപ്പെട്ടിരിക്കുന്നു. നമ്മുടെ ഉള്ളിൽ ഉലിൽ അംറിന്റെ ആത്മീയ വ്യവസ്ഥിതി നിലവിലുണ്ട്. അത് അല്ലാഹുവിന്റേയും അവന്റ റസൂലിന്റേയും കല്പനകളിലേക്ക് നമ്മുടെ ശ്രദ്ധ തിരിച്ചുകൊണ്ടിരിക്കുന്നു. നമ്മളും മറ്റുള്ളവരും തമ്മിൽ വ്യക്തമായ വ്യത്യാസമുണ്ടാക്കാതിരിക്കാൻ ഒരു കാരണവുമില്ല. അല്ലാഹു നമുക്കെല്ലാവർക്കും അതിന് തൗഫീഖ് നല്കുമാറാകട്ടെ. നമ്മളിൽനിന്ന് ഹദ്റത്ത് മസീഹ് മൗഊദ്(അ)എന്താണോ പ്രതീക്ഷിക്കുന്നത് അത് നിറവേറ്റാൻ അല്ലാഹു നമുക്ക് സൗഭാഗ്യം നല്കുമാറാകട്ടെ.

Friday Sermon delivered by **Hadrath Khaleefathul Masih Alkhamis** (atba)
at Baithul Futuh,London – on 05.12.14
Summarized by Majlis Ansarullah,Bharat
Malayalam Translation : Mau.Mohammad Ismail Alleppey For Malayalam Desk,Qadian.
Published By Nazarath Nashr-O-Isha'ath,Sadr Anjuman Ahmadiyya - Qadian, 143516

If Undelivered Please Return To
Ahmadiyya Muslim Jama'at
Baithul Quddoos, G.H.Road
Calicut - 673001,Kerala

To